കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ

161(2416) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിൽ ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിനും ആധുനിക കൃഷി ഉപാധികൾ സ്വീകരിക്കുന്നതിനുമായി എന്തൊക്കെ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത് ;

(ബി) പ്രസ്തുതരംഗത്ത് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് ;

(സി) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ അഗ്രോ സൂപ്പർ ബസാറിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ഡി) ഇത്തരം ബസാറുകൾ സംസ്ഥാനത്ത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) കാർഷിക മേഖലയ്ക്കാവശ്യമായ എന്തൊക്കെ പുതിയ യന്ത്രങ്ങൾ ഈ വർഷം വിപണിയിലെത്തിക്കാൻ കോർപ്പറേഷന് സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കാർഷിക മേഖലയിൽ തൊഴിലാളിക്ഷാമം അനുഭവപ്പെടുന്നതിനാൽ ആധുനിക യന്ത്രവൽക്കരണം നടപ്പാക്കുന്നുണ്ട്. ഇതിനുവേണ്ടി പ്രത്യേകിച്ച് നെൽകൃഷി മേഖലയിൽ ട്രാക്ടറുകൾ, ടില്ലറുകൾ, ഞാറുനടീൽ യന്ത്രങ്ങൾ, കോണോവീഡറുകൾ, കൊയ്ത്തുയന്ത്രങ്ങൾ, മെതിയന്ത്രങ്ങൾ മുതലായവ സബ്സിഡി നിരക്കിൽ കർഷകർക്ക് വാങ്ങുന്നതിന് നിലവിൽ പദ്ധതികളുണ്ട്. കൂടാതെ ഇവയുടെ പ്രവർത്തനത്തിന് ആവശ്യമായ പരിശീലനം കർഷകർക്ക് നൽകുന്നുണ്ട്. കുട്ടനാട്, പൊക്കാളി മേഖലയിൽ നിലവിലുള്ള യന്ത്രങ്ങൾക്ക് ആവശ്യമായ രൂപമാറ്റം വരുത്തി കൂടുതൽ ഉപയോഗപ്രദമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) കാർഷിക മേഖലയിൽ ആധുനിക യന്ത്രോപകരണങ്ങൾ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുന്നതിലേക്കായി കെയ്കോയുടെ തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ യൂണിറ്റിൽ ഒരു പരിശീലന കേന്ദ്രം (Centre for Agricultural Research Development and Training) സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അവയുടെ പീരിയോഡിക്കൽ മെയിന്റൻസിനുമുള്ള പരിശീലനവും നൽകി വരുന്നു. കൂടാതെ പഞ്ചായത്തുകൾ സെലക്ട് ചെയ്യുന്ന പരിശീലകർക്ക് അതാത് ജില്ലാ യൂണിറ്റുകൾ വഴിയും പരിശീലനം നൽകുന്നുണ്ട്. കെയ്കോയുടെ അഗ്രോ സൂപ്പർ ബസാർ,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അഗ്രോ ബസാർ, അഗ്രോ ടെക്നോളജി സെന്റർ, മറ്റു ജില്ലാ യൂണിറ്റുകൾ ഇവ മുഖേന കർഷകർക്ക് യന്ത്രങ്ങളെക്കുറിച്ച് അറിവും അവയുടെ പ്രവർത്തനം നേരിൽക്കണ്ട് മനസ്സിലാക്കുന്നതിനും വേണ്ടതായ സൗകര്യങ്ങൾ വീഡിയോ ഡിമോൺസ്ട്രേഷൻ യന്ത്രങ്ങൾ പ്രവർത്തിപ്പിച്ചു കാണിക്കുക എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപരിയായി കർഷകരെ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് സെമിനാറുകളും നടത്തുന്നു.

(സി) തിരുവനന്തപുരത്ത് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിൽ 2010 ജൂൺ മാസത്തിൽ തുടങ്ങിയ അഗ്രോ സൂപ്പർ ബസാറിന് വളരെ മികച്ച പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) ഇത്തരം ഒരു ബസാർ കെയ്കോയുടെ കൊട്ടാരക്കര യൂണിറ്റിനോട് അനുബന്ധിച്ച് 2011 ഫെബ്രുവരി 11-ാം തീയതി മുതൽ പ്രവർത്തനമാരംഭിച്ചു. ഈ മാതൃകയിൽ മറ്റു ജില്ലകളിലും സ്ഥലസൗകര്യം ലഭ്യമാകുന്നതനുസരിച്ച് അഗ്രോ സൂപ്പർ ബസാറുകൾ ആരംഭിക്കുന്നതിനാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്.

(ഇ) കാർഷിക മേഖലയുടെ ആവശ്യത്തിനായി ബെയിലർ-കമ്പയിൻ ഹാർവസ്റ്റർ വഴി കൊയ്ത്ത് പാടത്ത് വീഴുന്ന വയ്ക്കോൽ കെട്ടുകളാക്കി മാറ്റുന്ന യന്ത്രം, ചെറുതും ഭാരം കുറഞ്ഞതുമായ കമ്പയിൻ ഹാർവസ്റ്റർ, റൈസ് ട്രാൻസ്പ്ലാന്റർ തുടങ്ങിയ യന്ത്രങ്ങൾ പുതുതായി ഇറക്കുവാൻ ഉദ്ദേശിക്കുന്നു. കാട് വെട്ടുന്നതിനുള്ള ബ്രഷ് കട്ടർ, കര കൃഷിക്ക് ഉപയുക്തമായ മിനി/ഗാർഡൻ ടില്ലർ എന്നീ യന്ത്രങ്ങളുടെ ഉപയോഗം ഈ വർഷം ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

കർഷകർക്കായി നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി

162(2417) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷകർക്കായി നടപ്പാക്കുന്ന പുതിയ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ കർഷകർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതൊക്കെ കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയശേഷം ഇതുവരെ സംസ്ഥാന ത്തൊട്ടാകെ എത്ര കർഷകരെ ഇതിൽ അംഗങ്ങളാക്കിയിട്ടുണ്ട് ;

(ഡി) ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ എത്ര കർഷകർക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ടെന്നും അതിനായി ആകെ എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?